
# IDEAS THAT FLY



## LITTLE BRAINS
**BRIGHT COME FEATURE**

st marys hss kidangoor

# LITTLE BRAINS

## 2K18-19

LK/2018/31039

**ST MARY'S H S S KIDANGOOR**

# ആശംസ

പി എ ബാബു
ഹെഡ്മാസ്റ്റർ

പൊതുവിദ്യാഭ്യാസ യജ്ഞ പ്രവർത്തനങ്ങൾ ബഹുദൂരം മുന്നേറിക്കൊണ്ടിരിക്കുന്നു.ഇന്ന് ക്ലാസ് റൂമുകൾ സ്മാർട്ട് ആകുന്നു.............ബ്ലാക്ക്ബോർഡിൽ നിന്നും വൈറ്റ് ബോർഡിലേക്കുള്ള നൂതന സങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടം ഈ ആധുനികയുഗത്തിൽ വിദ്യാത്ഥികളുടെ പാഠ്യ-പഠ്യേതര പ്രവർത്തങ്ങളിലെ മികവ് കൂട്ടുതൽ മെച്ചപ്പെട്ടുകയാണ്.

ലിറ്റിൽ കെയ്റ്റിന്റെ നേതൃതചത്തിൽ ഐ ടി സഹായത്തോടെ വിദ്യാത്ഥികൾ രൂപകൽപ്പന ചെയ്ത "ലിറ്റിൽ ബ്രെയിൻ 2018-19” ന് ആശംസകൾ

# ആശംസ

കിടങ്ങൂർ സെന്റ് മേരിസ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കെയ്റ്റിസ് അംഗങ്ങൾ വിവിധങ്ങായ കംപ്യൂട്ടറ് സങ്കേതിക വിദ്യകളുടെ പ്രയോഗ ഫലപ്രദമായി സ്വായത്തമാകുന്നു എന്ന കാണുന്നതി വളരെ സ ന്തോഷിക്കുന്നു
മലയാളം ടൈപ്പിംഗ്, ആനിമേഷൻ പ്രോഗ്രാമിഗ് തുടങ്ങിയ മേഖലകളി കുട്ടികൾ കരസ്ഥമാക്കിയ പാവീണ്യം വളരെ വലുതാണ് ആധുനിക ലോകത്തി മറുന്ന സഹചര്യങ്ങളോട് കുടപിടിക്കുവാൻ ഇത്തരത്തിലുള്ള പരിജ്ഞാനങ്ങൾ ഏറെ പ്രയോജനകരമാണ്. ലിറ്റിൽ കെയ്റ്റിലെ മുഴുവൻ കുടികളെയുംഅവരുടെ അധ്യപകരേയുംപതകമായി അഭിനന്ദികുന്നു.

സ്റ്റാഫ് സെക്രട്ടറി
ഫാ. ജോയി കട്ടിയാങ്കൽ

# എഡിറ്റോറിയൽ,

നമ്മുടെ സ്കൂളിന് ചരിത്രത്തിൽ മാന്യമായ ഒരു ഇടം ഈ ഐടി മാഗസിന് ഉണ്ട്. അതിജീവനത്തിന് നാളുകളാണ് . വിവരസാങ്കേതികയുടെ പുത്തൻ ലോകത്ത് അതിലധിഷ്ഠിതമായ പുത്തൻ പഠന അനുഭവങ്ങളിലേക്കും കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുക യാണ് ഞങ്ങളുടെ ഉദ്ദേശം. കാലം അറുത്തിട്ട തുലികക്ക് പറയുവാൻ വന്ന പുതിയ ലോകത്തെ ഇവിടെ പൊതുവിദ്യാഭ്യാസ എങ്ങു സാങ്കേതികവിദ്യ യുടെ ലോകത്ത് അതിജീവനത്തിന് പുതിയ അദ്ധ്യായങ്ങൾ രചിക്കുന്നു. ഇതിനെ സാക്ഷിയായി ഈ മാഗസിൻ മാറട്ടെ.

സർഗവാസന യുടെ പുതിയ തീരങ്ങൾ തേടി......

എന്ന് ,
എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്


**ചീഫ് എഡിറ്റർ**

പി .എ.ബാബു

**സ്റ്റാഫ് എഡിറ്റർ**

ജോളി .വി.കെ

സുജ ജോസ്

**സ്റ്റുഡൻസ് എഡിറ്റർ**

ഫിന ജോസ്

**കോ- എഡിറ്റർ**

എബി സെൽവിൻ,

ആൽവിൻ റ്റോമി,

ജോഷ്വാ തോമസ്,

സാം ജെയംസ്

**ഫോട്ടോസ്**

ആൽബിൻ എബി,

ആൽബിൻ പി സജി







# LITTLE BRAINS
# AND
# MASTER BRAINS

# ഉൾത്താളുകളിലൂടെ....

ഒൻപതാം പാഠം

അപ്പൂപ്പനും അമ്മൂമ്മയും

ലിറ്റിൽ കൈറ്റ് ആൽബം

തെംസ് നദിയോട്

പ്രണയം

എന്റെ  വിദ്യാലയം

പൂവും കായും

കരുണ രക്ഷിച്ചു

എത്ര വേഗത്തിലാണ്

തലകുത്തും കപ്പൽ

അഹങ്കാരിയായ റാണി

ഇഷ്ടമല്ലടാ

കേരളപിറവി  -  ആൽബം

പി.റ്റി.എ. മീറ്റിംഗ്  -  ആൽബം

ഐഡി കാർഡ് വിതരണം

നന്ദി...



## അപ്പൂപ്പനും അമ്മൂമ്മയും

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി. ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം. " ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കും." അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു. അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം. ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു. അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി. ഉറങ്ങി മരത്തിൽ നിന്നു താഴേക്കു വീണു. രാത്രിയല്ലേ അമ്മൂമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളൂ! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി. അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി. പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ
തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

# LITTLE KITES CLASSES










# പ്രണയം

**അഫിദ കെ.പി.**



മഴയോട്
പ്രണയമാണെന്നു.പറയുന്നു.നീ
പക്ഷേ , മഴ വരുമ്പോൾ
നീയെന്തിന്
കുട ചൂടണം....

കാറ്റിനോട്
പ്രണയമാണെന്നു പറയുന്നു നീ
പക്ഷേ,കാറ്റടിക്കുമ്പോൾ
നീയെന്തിന്
ജാലകങ്ങൾ
കൊട്ടിയടയ്ക്കണം....
സൂര്യനോട്
പ്രണയമാണെന്നു പറയുന്നു.നീ
സൂര്യപ്രകാശത്തിൽ
നീയെന്തിന്
തണൽ തേടണം...
അതുകൊണ്ട് ഭയമാണ്
എനിക്ക്
നിൻ പ്രണയം...

# എന്റെ വിദ്യാലയം

പുരോഗതിയുടെ പല പടവുകൾ കയറി ഒരു ജൂനിയർ കോളേജിന്റെ പദവിലേക്ക് നിൽക്കുന്ന വിദ്യാലയമാണ് എന്റെ വിദ്യാലയം . ഗ്രാമത്തിലെ ഒരു മുതിർന്ന പൗരൻ
ചിന്തയോടെ ഈ സ്മരണകൾ രേഖപെടുത്തുവാൻ ഞാൻ തയ്യാറായി . ആദ്യമായി
ലഭിച്ച ഷർട്ടും മുണ്ടും ധരിച്ച അച്ഛനോടൊപ്പം ഞാൻ കോളേജിൽ ചേരാനെത്തി .



# പൂവും കായും

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താര-

ഉള്ളൂർ എസ് പരമേശ്വരൻ

# കരുണ രക്ഷിച്ചു

*താരാപുരിയിലെ സൈന്യാധിപനായിരുന്നു ജിതേന്ദ്രൻ. എല്ലാ ജീവികളോടും വലിയ കരുണയാണ് ജിതേന്ദ്രന്.*
*വഴിയിലൂടെ ഉറുമ്പുകൾ വരിയായി പോകുകയാണെങ്കിൽപ്പോലും അത് പോയിക്കഴിയുന്നതു വരെ ജിതേന്ദ്രൻ തന്റെ രഥം നിർത്തിയിട്ട് കാത്തിരിക്കും*
*വലിയ സൈന്യാധിപനാണത്രേ. പക്ഷേ ഒരുറുമ്പിനെ കൊല്ലാൻ പോലും വയ്യ ! ഹ.....ഹ.....!*
*ജിതേന്ദ്രനെ മന്ത്രിമാരും മറ്റും എപ്പോഴും കളിയാക്കും.*

*ഒരിക്കൽ ശത്രുരാജ്യത്തെ ചാരൻ ഒരു ചെരുപ്പുകുത്തിയുടെ വേഷത്തിൽ താരാപുരിയിലെത്തി.*
*പിറ്റേ ദിവസം പതിവുപോലെ ജിതേന്ദ്രൻ ക്ഷേത്രദർശനത്തിനായി ചെന്നു. ക്ഷേത്രത്തിനു പുറത്ത് ചെരുപ്പ് അഴിച്ചുവച്ചാണ് ജിതേന്ദ്രൻ അകത്ത് കയറിയത്. ചെരുപ്പ് വൃത്തിയാക്കുന്നു എന്ന ഭാവത്തിൽ ചാരൻ ജിതേന്ദ്രൻെറ ചെരുപ്പിൽ മാരകമായ വിഷം പുരട്ടി.*
*ജിതേന്ദ്രൻ തിരികെ വന്ന് ചെരിപ്പ് ധരിക്കാൻ നോക്കുമ്പോഴതാ ചെരുപ്പിന് മുകളിൽ ഒരു ചിലന്തി വലകെട്ടാൻ തുടങ്ങുന്നു!*
*ജിതേന്ദ്രൻ വേഗം ചെരുപ്പുകുത്തിയുടെ വേഷത്തിലുള്ള ചാരനെ അടുത്തു വിളിച്ചുപറഞ്ഞു:*
*ആ ചിലന്തിയെ വെദനിപ്പിക്കാതെ പതുക്കെ എടുത്തു മാറ്റി ചെരിപ്പ് വൃത്തിയാക്കിത്തരൂ.*
*തൊട്ടാൽ മരണപ്പെടുന്ന കൊടുംവിഷം പുരട്ടിയ ചെരുപ്പ് തൊടാൻ ചാരനുണ്ടോ ധൈര്യം വരുന്നു.!*
*നിന്നു പരുങ്ങിയ ചാരനെ ഭടൻമാർ പിടികൂടി ചോദ്യം ചെയ്തു. ചാരനാണെന്നറിഞ്ഞതോടെ അയാളെ തുറുങ്കിലടയ്ക്കുകയും ചെയ്തു.*
*വിവരങ്ങളറിഞ്ഞ മന്ത്രിമാർ ജിതേന്ദ്രനോട് ക്ഷമ ചോദിച്ചു.*
*കരുണ മറ്റുള്ളവർക്ക് മാത്രമല്ല, തങ്ങൾക്കും ഗുണമായി വരും, അവർ തമ്മിൽ പറഞ്ഞു.*

# എത്ര വേഗത്തിലാണ്

മധു മണിപ്പുഴ

എത്ര വേഗത്തിലാണ്
ഭൂമിയില് മാററങ്ങളുണ്ടാകുന്നത്...?
എത്ര വേഗത്തിലാണ്...

കുന്നുകളപ്രത്യക്ഷമാകുന്നത്
വയലിൽ മണിമാളികകളുയരുന്നത്
കാടോരു മരുഭൂവാകുന്നത്
പുഴക വററിവരണ്ടോരു
കണ്ണിർച്ചാലാകുന്നത്
ഒരു ജീവിൻ പിടഞ്ഞു വീഴുന്നത്
ദേഹി ദേഹം വിട്ടുയരുന്നത്
എത്ര വേഗത്തിലാണ്...
ഭൂമിയി മാററങ്ങളുണ്ടാകുന്നത്...?
പക്ഷേ ...
അത്ര വേഗത്തിലല്ലല്ലോ
ഈ പ്രപമുണ്ടായത്...?
ഈ ഭൂമിയുണ്ടായത്...
കുന്നിൻ ഗർഭത്തിൽ...
നിന്നൊര്റവ ജനിച്ചത്
ഉറവകൾ ചേർന്നൊരു ചാലുണ്ടായത്
ചാലുകൾ ചേർന്നൊരു തോടുണ്ടായത്
തൊടുകൾ ചേർന്നൊരു പുഴയുണ്ടായത്
ഒരു ഭ്രൂണത്തിൽ നിന്നൊരു വടവക്ഷമുണ്ടായത്
ഒരു ബീജത്തിൽനിന്നൊരുയിരുണ്ടായത
എത്രവേഗത്തിലാണല്ലാം നാം മറന്നത്





# തലകുത്തും കപ്പൽ

നടുകടലിൽ ഒരു കപ്പൽ
ചരിയുന്നത് ശ്രദ്ധിച്ചാൽ
ആരായാലും ഒന്നു പേടിക്കും.
എന്നാൽ ഇങ്ങനെ ഒരു കപ്പൽ
നിലനിൽക്കുന്നു.
ഫ്ലിപ്പ് ഷിപ്പ് എന്നാണതിൻെറ
പേര്. കടലിൽ കുഴിച്ചിട്ടതു
പോലെ കപ്പൽ നിൽക്കും.
കടലിനടിയിലേക്ക് പോകുന്ന
കപ്പലിൻെറ വശത്ത് വായുവും
വെള്ളവും കയറ്റി നിയന്ത്രിച്ചാണ്
കപ്പൽ ചരിക്കുന്നതും
നേരെയാക്കുന്നതുമൊക്കെ.
*അമേരിക്കയാണ് ഈ കപ്പൽ
നിർമ്മിച്ചത്.*

# അഹങ്കാരിയായ റാണി

ഒരിടത്ത് ഒരു രാജാവ് ഉണ്ടായിരുന്നു. രാജാവ് നാട്ടുവഴിയിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ഒരു സുന്ദരിയായ ഒരു യുവതിയെ കണ്ടത്. രാജാവിന് ആ യുവതിയെ ഇഷ്ടമായി. അവളെ വിവാഹം ചെയ്തു.

ഒരു ദിവസം അവളുടെ കൂട്ടുകാർ അവളെ കാണാനെത്തി. റാണിയായതിനുശേഷം അങ്കാരിയായി മാറിയിരുന്നു. കൂട്ടുകാർ റാണിക്ക് സമ്മാനവുമായാണ് വന്നത്. റാണിക്ക് ഏറ്റവും ഇഷ്ടമുള്ള ചെമ്മീൻ. റാണി അവരെ അറിയില്ല എന്നു പറഞ്ഞു.അവർക്കാകെ വിഷമമായി. എങ്കിലും അവർ റാണിക്ക് സമ്മാനം നല്കി. ഒന്നും അറിയില്ല എന്ന രീതിയില് അവളവരോട് ചോദിച്ചു: എന്താണ് ചെമ്മീൻതല വളഞ്ഞിരിക്കുന്നത്? രാജാവ് ഇതെല്ലാം പുറത്തു നിന്നു കേട്ടുകൊണ്ടുനില്ക്കുകയായിരുന്നു.റാണിയായതിനുശേഷം അവളഹങ്കാരിയായി മാറിയെന്ന് രാജാവിന് മനസ്സിലായി. സുന്ദരിയാണെങ്കിലും അവളഹങ്കാരിയാണെ-ന്നു മനസ്സിലാക്കിയ രാജാവ് അവളെ രാജകൊട്ടാരത്തിൽ നിന്ന് പുറത്താക്കി.

# ഇഷ്ട്മല്ലെടാ!

മൃഗഡോക്ടർ ലബ്ബുവിൻെറ ചങ്ങാതിയാണ്
കിപ്പു. ഒരു ദിവസം കിപ്പു വീട്ടിലെ പട്ടിയുമായി
മൃഗഡോക്ടർ്റെ കാണാനെത്തി.
കിപ്പു, നിൻെറ നായയ്ക്ക് എന്തു പറ്റി ?ലബ്ബു
ചോദിച്ചു. അപ്പോൾ കിപ്പു പറഞ്ഞു:
ഒന്നും പറ്റിയില്ല. പക്ഷേ നീ ഇതിൻെറ വാൽ
ഒന്നു മുറിച്ചു തരണം.
ന്ദ്ഹേ.... കിപ്പു.... എന്തു കഷ്ട്മാണിത്.
എന്തിനാ ഈ പാവം പട്ടിയുടെ വാൽ
മുറിക്കുന്നത്? ലബ്ബു ചോദിച്ചു. അപ്പോൾ കിപ്പു
പറഞ്ഞു:
എൻെറ അമ്മാവൻെറ മകൻ ബിമ്മു ഇന്ന്
എൻെറ വീട്ടിൽ വരും. അവനെ
ഞങ്ങൾക്കാർക്കും
ഇഷ്ട്മല്ല.അവനെക്കണ്ടാൽ
എൻെറ പട്ടിപോലും വാലാട്ടരുത്.

# കേരളപിറവി







# PTA MEETING









# ID CARD DISTRIBUTION









# നന്ദി.....

ഇ കൊച്ചു തലച്ചോറിൽ
വിരിഞ്ഞ, ഇതളുകൾക്കു
ആധുനിക സാങ്കേതിക
വിദ്യയുടെ
കരസ്പരശമേറ്റപ്പോൾ
നന്ദിയുണ്ട്
ഒരുപാട് പേരോട് ..........................

പ്രോൽസാഹനമായയും കരുതലായും കൂടെ നിന്ന ഹെഡ്മാസ്റ്റർ ബാബു സാറിന്...

എല്ലാവിധ  പ്രചോദനങ്ങളും
പിന്തുണയും നൽകി

ചൂണ്ടുപലകളായ് നിൽക്കുന്ന
ജോളി ടീച്ചർനും സുജ ടീച്ചർക്കും ..........
മാർഗനിർദേശങ്ങൾ  നൽകിയ
മെയ്മോൾ ടീച്ചർക്ക് ....
തങ്ങളുടെതായ  രീതിയിൽ
സംഭവനകൾ നൽകി സഹകരിച്ച
കൂട്ടുകാർക്ക്..........
സഹായഹസ്തങ്ങൾ  നീട്ടിയ ജോമി സാർനും മാത്യുക്കുട്ടി  സാർനും..........
കൂടെ നിന്ന ഞങ്ങളുടെ എല്ലാ അദ്ധ്യാപകർക്കും കൂട്ടുകാർക്കും................
നന്ദി.....



# ST MARY'S H S S KIDANGOOR

# LITTLE KITES